**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **23-01-2025 - ൽ മറുപടിയ്ക്ക്**

**വിരമിച്ച അംഗനവാടി ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെയും മറ്റ് ആനുകൂല്യങ്ങളുടെയും വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗനവാടികളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് അംഗനവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | **അങ്കണവാടി ജീവനക്കാർ വിരമിക്കുമ്പോൾ അങ്കണവാടി ക്ഷേമനിധി ബോർഡിലേക്ക് അവർ അടച്ച തുകയും ആയതിന്റെ ആനുപാതികമായ സർക്കാർ വിഹിതവും (20%) അടച്ച തുകയുടെ ബാങ്ക് പലിശയും (8%) ഉൾപ്പെടുന്ന തുക ക്ഷേമനിധി ആനുകൂല്യമായും വിരമിക്കൽ ആനുകൂല്യമായി വർക്കർക്ക് 15,000/- രൂപയും ഹെൽപ്പർക്ക് 10,000/- രൂപയും നൽകുന്നുണ്ട്. അതുകൂടാതെ, അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്യുവരും 62 വയസ് തികയുന്ന ദിവസം സർവ്വീസിൽ ഉള്ള, ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്ത വർക്കർക്ക് 2,500/- രൂപയും ഹെൽപ്പർക്ക് 1,500/- രൂപയും എന്ന നിരക്കിൽ പ്രതിമാസ പെൻഷനും അനുവദിക്കുന്നുണ്ട്.** |
| (ബി) | വിരമിച്ച അംഗനവാടി ജീവനക്കാരുടെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളതെന്നും പെൻഷൻ മുടങ്ങിയതിന്റെ കാരണമെന്താണ് എന്നും വ്യക്തമാക്കുമോ; | (ബി) | 2023 വരെ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് മൂന്ന് മാസത്തെ (11/2024 മുതൽ 01/2025 വരെ) പെൻഷനും 2024ൽ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് 9 മാസത്തെ പെൻഷനും കുടിശ്ശികയായി നൽകുവാനുണ്ട്. ക്ഷേമനിധി ബോർഡിൽ ഫണ്ടിന്റെ അപര്യാപ്തത കൊണ്ടാണ് പെൻഷൻ വിതരണത്തിന് താമസമുണ്ടായിട്ടുള്ളത്. |
| (സി) | വിരമിച്ച അംഗനവാടി ജിവനക്കാർക്ക് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കേണ്ട ഏതെല്ലാം ആനുകൂല്യങ്ങളാണ് മുടങ്ങിക്കിടക്കുന്നതെന്നും ഇതിന്റെ വിശദാംശങ്ങളും കാരണവും അറിയിക്കുമോ; ഈ കുടിശ്ശികാനുകൂല്യങ്ങൾ എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (സി) | ക്ഷേമനിധി ബോർഡിന് 2024-2025 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി ഇതുവരെ 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം) അനുവദിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച്, 2023-ൽ വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് 05/2023 മുതൽ 10/2024 വരെയുള്ള പെൻഷൻ പൂർണമായും അനുവദിച്ച നൽകിയിട്ടുണ്ട്. 2024 വരെ വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. 2023ൽ വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് 22,20,18,500/- രൂപയും (ഇരുപത്തിരണ്ട് കോടി ഇരുപത് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2024ൽ വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് 24,25,92,500/- രൂപയും (ഇരുപത്തിനാല് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആവശ്യമായിട്ടുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചു നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ